**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5719** **24-03-2025 - ൽ മറുപടിയ്ക്ക്**

**പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ എം.എൽ.എ. ഫണ്ട് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലാ കളക്ടർ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ ഏതൊക്കെ പദ്ധതികളാണ് ടെണ്ടർ ചെയ്യാനായി ബാക്കി നിൽക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നാളിതുവരെയായി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (സി) | ഭരണാനുമതി ലഭിച്ച ശേഷം പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റെയും നിർവ്വഹണം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം മാറി നൽകാത്തതിന്റെയും കാരണം വിശദമാക്കാമോ; | (സി) | ഹാജരാക്കിയ എല്ലാ ബില്ലുകളും മാറി നല്കിയിട്ടുള്ളതാണ്. |
| (ഡി) | ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ബാക്കിയുണ്ടെന്ന് കണക്കാക്കണമെങ്കിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയാൽ മാത്രമേ കഴിയൂ എന്നതിനാൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ അടിയന്തരമായി മാറി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് മാനദണ്ഡങ്ങൾ പാലിച്ച് മാറി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ